**കുവൈത്ത് കേരള ഇസ് ലാഹി സെൻറർ**
**ഖുർആൻ & ഹദീസ് ലേണിംഗ് വിഭാഗം**
**ഖുർആൻ വിജ്ഞാന പരീക്ഷ – ഘട്ടം 46**

**Reg No:**

Time: 1 Hr

**സൂറഃ മാഇദഃ 1 – 37**

**Marks: 50**

## I. ശരിയുത്തരം തെരഞ്ഞെടുക്കുക

1. بشير എന്ന പദത്തിൻറെ അർഥം ?
   ◯ താക്കീത് കാരൻ
   ◯ കരുണ കാണിക്കുന്നവൻ
   ◯ **സന്തോഷ വാർത്ത അറിയിക്കുന്നവൻ**

2. ഇസ്റായേൽ സമുദായം എത്ര ഗോത്രങ്ങൾ ഉൾക്കൊണ്ടതായിരുന്നു
   ◯ **12** ◯ 9 ◯ 11

3. ഒരു മതഗ്രന്ഥത്തിൻറെയും നിയമസംഹിതയുടെയും അനുയായികളായി അറിയപ്പെട്ട സമുദായങ്ങളിൽ ഒന്നാമത്തെ സമുദായമാണ് ......
   ◯ മുസ്‌ലിംകൾ ◯ **ഇസ്റായേല്യർ** ◯ ക്രിസ്ത്യാനികൾ

4. സൂറത്തുൽ മാഇദയിൽ പരാമർശിച്ച ഒരു പക്ഷി
   ◯ **കാക്ക** ◯ പരുന്ത് ◯ കഴുകൻ

5. ഈസാ നബിﷺ യുടെ ശിഷ്യഗണങ്ങൾ അറിയപ്പെടുന്നത്
   ◯ സ്വഹാബികൾ ◯ **ഹവാരികൾ** ◯ ഖവാരിജുകൾ

6. قُرْبَان എന്ന പദത്തിൻറെ അർത്ഥം
   ◯ **ബലി കർമ്മം** ◯ അടുത്തത് ◯ വഞ്ചന

7. അഭിഷേകം ചെയ്യപ്പെട്ട ആൾ എന്നർത്ഥം വരുന്ന പദം
   ◯ **مَسِيْح** ◯ حَوَارِي ◯ انْطَاكِي

8. മൂസാ നബി (عليه السلام)യും ഇസ്റാഈല്യരും ചെങ്കടൽ കടന്നുപോന്ന ശേഷം സീനാ താഴ്‌വരയിൽ താമസിച്ചിരുന്ന കാലത്തു അവർക്കു വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന സ്ഥലം
   ◯ **കൻആൻ** ◯ യമൻ ◯ മദ് യൻ

9. المِعْرَاض എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്
   ◯ വില്ല് ◯ ചില്ല് ◯ **കത്തിയമ്പ്**

10. സൂറത്തുൽ മാഇദക്ക് "الْعُقُود" എന്ന പേരു ലഭിച്ചത് എന്തുകൊണ്ട്?
    ◯ ഭക്ഷണനിയമങ്ങൾ കൂടുതലായി പറയുന്നുണ്ട്
    ◯ **പലതരം കരാർ ബന്ധങ്ങളെക്കുറിച്ച് വിവരിക്കപ്പെട്ടത് കൊണ്ട്**
    ◯ ഉപദേശം മാത്രമുള്ള സൂറ ആയതിനാൽ

11. ഇബ്രാഹീം നബി (അ) യുടെ സാക്ഷാൽ സ്വദേശം?
    ◯ **ഇറാക്ക്** ◯ ഫലസ്തീൻ ◯ യെമൻ

12. فَإِنَّهُ رِجْسٌ എന്ന് പറഞ്ഞത് എന്തിനെ കുറിച്ച്?
    ◯ ദുഷ്ട മൃഗം തിന്നത് ◯ കുത്തേറ്റ് ചത്തത് ◯ **പന്നി മാംസം**

13. ഏതൊരാളും അക്രമമായി കൊല്ലപ്പെടുന്ന പക്ഷം രക്തം ചിന്തിയതിൻറെ ശിക്ഷയിൽ നിന്ന് ഒരു പങ്ക് ആദമിൻറെ ഒന്നാമത്തെ പുത്രൻറെ മേൽ ഇല്ലാതിരിക്കുകയില്ല. ഈ ഹദീസ് ഉദ്ധരിച്ച സ്വഹാബി ആരാണ്

○ ഇബ്നു കസീർ ○ **ഇബ്നു മസ്ഊദ്** ○ ഇബ്നു അബ്ബാസ്

14. **مَا ذُبِحَ عَلَى النُّصُبِ** എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്

○ **ബലി പീഠത്തിൽ അറുക്കപ്പെട്ടത്**

○ കുടുങ്ങി ചത്തത്

○ വേട്ട മൃഗം പിടിച്ച് കൊണ്ട് വന്നത്

15. നല്ലവ , പരിശുദ്ധമായവ, വിശിഷ്ടമായ , ഹൃദ്യമായവ എന്നൊക്കെ സന്ദർഭത്തിനനുസരിച്ച് വിവർത്തനം നൽകാവുന്ന വാക്കാണ് ........

○ **طَيِّبَات** ○ **الْمُسْتَلِذَّات** ○ **الْخَيْرَات**

16. ജാഹിലിയ കാലത്ത് വിഗ്രഹങ്ങൾക്ക് വഴിപാടായി അറുക്കപ്പെടുന്ന ബലിമൃഗങ്ങൾക്ക് വേണ്ടി കഅബയുടെ ചുറ്റിലും ....... കല്ലുകകൾ പ്രതിഷ്ഠിക്കപ്പെട്ടിരുന്നു.

○ 350 ○ **360** ○ 450

17. "അങ്ങുന്ന് ബറകുൽ ഗിമാദിലേക്ക് തന്നെ ഞങ്ങളെ കൊണ്ടുപോയാലും ഞങ്ങൾ അങ്ങയോടൊപ്പം പോരുവാൻ തയ്യാറാണ്".... ഇത് ആര് ആരോട് പറഞ്ഞതാണ് ?

○ **സ്വഹാബികൾ മുഹമ്മദ് നബി(സ)യോട്**

○ ഇസ്റായേൽ സമൂഹം യൂശഅ് നബി(അ)യോട്

○ ഇസ്റായേല്യർ മൂസ നബി(അ)യോട്

18. വേദക്കാരോട് വിവാഹ കാര്യത്തിലുള്ള സഹകരണം ഇസ്ലാമിൽ അനുവദിക്കപ്പെട്ട വിധം?

○ സ്ത്രീക്കും പുരുഷനും ഒരുപോലെ വേദക്കാരിൽ നിന്നും വിവാഹബന്ധം അനുവദനീയമാണ്.

○ സ്ത്രീകളെ വേദക്കാർക്ക് വിവാഹം ചെയ്തു കൊടുക്കൽ അനുവദനീയമാണ്.

○ **വേദക്കാരായ സ്ത്രീകളെ വിവാഹം ചെയ്യൽ അനുവദനീയമാണ്.**

19. തങ്ങൾ അല്ലാഹുവിൻറെ മക്കളും ഇഷ്ടക്കാരുമാണ്, പാപം ചെയ്താൽ അള്ളാഹു ഞങ്ങൾക്ക് പൊറുത്തു തരും എന്നിങ്ങനെ വാദിച്ചവരാണ്..... ?

○ അറബികൾ ○ **വേദക്കാർ** ○ ഖുറൈശികൾ

20. ഇബ്രാഹിം നബി അദ്ദേഹത്തിൻറെ സ്വദേശത്ത് നിന്ന് എവിടേക്കാണ് ഹിജ്റ പോയത് ?

○ **ഫലസ്തീൻ** ○ യെമൻ ○ അൾജീരിയ

21. ഭയപ്പാടിൻറെ നമസ്കാരം (صَلَاةُ الْخَوْف) നടത്തുവാനുള്ള കല്പന വന്ന യുദ്ധം?

○ അഹ്സാബ് യുദ്ധം ○ **അസ്ഫാൻ യുദ്ധം** ○ ഹുനൈൻ യുദ്ധം

22. قَالَ رَجُلَانِ مِنَ ٱلَّذِينَ يَخَافُونَ (ഭയപ്പെടുന്നവരുടെ കൂട്ടത്തിലെ രണ്ട് പുരുഷന്മാർ പറഞ്ഞു) ഈ പ്രസ്താവനയിലെ രണ്ടു പുരുഷൻമാർ ആരൊക്കെയാണ്?

○ **യൂശഉ ബിൻ നൂൻ, കാലബ് ബിൻ യഫുന്ന**

○ മൂസ (അ), യൂശഉ ബിൻ നൂൻ

○ കാലബ് ബിൻ യഫുന്ന, മൂസ (അ)

23. മുഹമ്മദ് നബിﷺ ഹജ്ജിന് പുറപ്പെട്ടപ്പോൾ എത്ര ഒട്ടകങ്ങളെ ബലി മൃഗമായി കൊണ്ടുപോയിരുന്നു ?

○ 70 ൽ പരം ○ 80 ൽ പരം ○ **60 ൽ പരം**

24. سَوْءَة എന്ന പദത്തിൻറെ അർത്ഥം

○ മറവ് ചെയ്യുക ○ ബലികർമ്മം ○ **നഗ്ന ജഡം**

25. ഹാറൂൺﷺ കാലഗതി പ്രാപിച്ചത് എവിടെ വെച്ച്?

○ **جَبَل حور** ○ جَبَل النُّور ○ مَوَارِب

26. നബിﷺ കടം ചോദിക്കാൻ ചെന്ന യഹൂദ ഗോത്രം

○ **ബനൂ നദ്വീർ** ○ ബനൂഖൈനുഖാഅ് ○ ബനൂ ഖുറൈള

27. പ്രകാശവും, സ്പഷ്ടമായ വേദഗ്രന്ഥവും എന്ന് പറഞ്ഞത് ...... ?

○ മൂസ നബിയെയും കൈയിൻറെ പ്രകാശത്തെയും കുറിച്ച്.

○ ഈസ നബി(അ)യെയും ബൈബിളിനെയും കുറിച്ച്.

○ **ഖുർആനിനെയും അതുമൂലം ലഭിക്കുന്ന വിജ്ഞാന വെളിച്ചത്തെയും കുറിച്ച്**

28. നിങ്ങളുടെ ഗ്രന്ഥത്തിൽ ഒരായത്ത് ഓതി വരുന്നു. യഹൂദികളായ ഞങ്ങൾക്കാണ് അതു അവതരിച്ചതെങ്കിൽ ആ ദിവസത്തെ ഉത്സവദിവസം ആക്കുമായിരുന്നു ഏതാണ് ആ സൂക്തം ?

○ وَلَقَدْ أَخَذَ اللَّهُ مِيثَاقَ ○ الْيَوْمَ أُحِلَّ لَكُمُ الطَّيِّبَاتُ ○ **الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ**

29. സീന വനാന്തരങ്ങളിലും മരുഭൂ പ്രദേശങ്ങളിലുമായി ലക്ഷ്യമില്ലാതെ........ കൊല്ലം ഇസ്റാഉയേല്യർ കഴിഞ്ഞു കൂടി ?

○ 50 ○ 16 ○ **40**

30. സൂറത്തു മാഇദയുടെ അവതരണം ................ കഴിഞ്ഞ് അധികം താമസിയാതെയാണുണ്ടായത്.

○ **ഹുദൈബിയ സന്ധി** ○ ബദർ യുദ്ധം ○ അഖബ ഉടമ്പടി

31. ലോകത്തിലെ ഒന്നാമത്തെ കൊലപാതകത്തിൻറെ കാരണം ?

○ മുൻ വൈരാഗ്യം ○ **അസൂയ** ○ ചതി

32. മുഹമ്മദ് നബി (സ) ക്ക് നേരെ വാളെടുത്തു ഉയർത്തിപ്പിടിച്ച വ്യക്തി ഏത് ഗോത്രക്കാരൻ ആണ്

○ **മുഹാരിബ് ഗോത്രം** ○ ബനൂ ഖുറൈള ഗോത്രം ○ ഹാഷിം ഗോത്രം

33. الشهر الحرام ൽ പെടാത്ത മാസം ഏതാണ് ?

○ محرم ○ ذو الحجة ○ **ربيع الاول**

34. ഫറോവ രാജാക്കളുടെ വർഗ്ഗം ഏത് ?

○ **കൊപ്തി** ○ യഹൂദ ○ അമാലിക്വ

35. മൂസ നബിﷺ യുടെ ഭൃത്യനും, അദ്ദേഹത്തിന് ശേഷം ഇസ്റാഉയേല്യരുടെ നേതൃത്വം കൈവന്ന പ്രവാചകനുമാണ്........?

○ ഈസ ﷺ ○ **യൂശഉ** ﷺ ○ നൂഹ് ﷺ

36. ഇസ്റാഉയേല്യരുടെ വംശ പിതാവ് എന്ന് അറിയപ്പെടുന്നത് ആരാണ്?

○ ഈസ ﷺ ○ മൂസ ﷺ ○ **യഅഖൂബ്** ﷺ

37. ആദം നബിﷺ യുടെ പുത്രന്മാരിൽ കൊല നടത്തിയ മകൻറെ പേര്?

○ ഹാബീൽ ○ **ഖാബീൽ** ○ റബീഅ്

38. ഈസാ നബി ﷺ ക്കും അന്ത്യപ്രവാചകനായ മുഹമ്മദ് (സ)ക്കും ഇടയിലുള്ള വിടവ് കാലം ഏതാണ്ട് എത്ര കൊല്ലമാണ് ?
◯ 500 ◯ **600** ◯ 700

39. വേട്ട ജന്തുക്കൾ നിങ്ങൾക്കായി പിടിച്ചു കൊണ്ടു വന്നത് (مَا أَمْسَكْنَ عَلَيْكُمْ) എന്നതിൻ്റെ ഉദ്ദേശ്യം എന്താണ് ?
◯ വേട്ട ജന്തുക്കളുടെ സ്വന്തം ആവശ്യത്തിന് പിടിച്ചത്.
◯ **വേട്ട ജന്തുവിനെ വിട്ടയച്ച യജമാനന് വേണ്ടി പിടിച്ചത്.**
◯ വേട്ട ജന്തുക്കൾ ആക്രമിച്ചു കൊലപ്പെടുത്തിയത്.

40. **الصَّيْد** എന്ന പദത്തിൻ്റെ അർത്ഥം
◯ **വേട്ടയാടൽ** ◯ എത്തി പിടിക്കൽ ◯ നേതാവ്

41. മിക്ക കല്പനകളും വിവരിച്ച ശേഷം അതിനെ തുടർന്ന് അള്ളാഹു ആവർത്തിച്ച് ഉണർത്താറുള്ള കാര്യമാണ് ...... ?
◯ **وَاتَّقُوا اللَّهَ** ◯ **وَاعْبُدُوا اللَّهَ** ◯ **وَاسْتَغْفِرُوا اللَّهَ**

42. "മുശ് രിക്കുകൾ അല്ലാഹുവിൻ്റെ പള്ളികളിൽ പെരുമാറിക്കൂടാ" എന്ന കൽപ്പന വന്നത് ഹിജറ എത്രാമത്തെ വർഷത്തിലാണ്
◯ 7 ◯ 8 ◯ **9**

43. വുളൂഇൻ്റെ ഘടകങ്ങൾ എന്ന നിലക്ക് മുഖം കഴുകുക , ................ ,തല തടവുക, നെരിയാണി വരെ കാൽ കഴുകുക ഇത്രയും കാര്യങ്ങളാണ് അല്ലാഹു പ്രസ്താവിച്ചത്
◯ വായിൽ കുപ്ലിക്കുക
◯ ബിസ്മി ചൊല്ലുക
◯ **മുട്ടുവരെ കൈകൾ കഴുകുക**

44. ഖുർആനിൽ ഏറ്റവും കൂടുതൽ പരാമർശങ്ങൾ ഉള്ള സമുദായം?
◯ **ഇസ്റാഈൽ** ◯ മുസ്‌ലിംകൾ ◯ നസ്രാണികൾ

45. മുഹമ്മദ് നബി ﷺ ഹജ്ജിന് പോയപ്പോൾ ഇഹ്റാം കെട്ടിയ സ്ഥലം ഏത്?
◯ യലംലം ◯ ആയിഷ മസ്ജിദ് ◯ **ദുൽ ഹുലൈഫ**

46. Christ (ക്രിസ്തു) എന്ന വാക്ക് പ്രചരിച്ചത് ഏതു ഭാഷയിൽ നിന്നാണ് ?
◯ അറബി ഭാഷ ◯ **ഗ്രീക്ക് ഭാഷ** ◯ ലാറ്റിൻ ഭാഷ

47. **الْمُتَرَدِّيَة** എന്ന ഖുർആൻ പദത്തിൻ്റെ അർത്ഥം എന്താണ് ?
◯ തല്ലി കൊല്ലപ്പെട്ടത് ◯ **വീണ് ചത്തത്** ◯ കുത്തേറ്റ് ചത്തത്

48. ഏത് ഗോത്രമാണ് ഒരു ആസ്സ് കല്ലെടുത്തു നബി ﷺ യുടെ തലക്കു മീതെയിട്ട് കഥ കഴിക്കുവാൻ ശട്ടം കെട്ടിയതാര്?
◯ ബനൂഖൈനുഖാഅ് ◯ **ബനൂ നദ്വീർ** ◯ ബനൂ ഖുറൈള

49. ആദം നബി ﷺ യുടെ പുത്രന്മാരിൽ ആരുടെ ബലി ആണ് സ്വീകരിക്കപ്പെട്ടത്?
◯ **ഹാബീൽ** ◯ ക്വാബീൽ ◯ റബീഅ്

50. യഅ്ക്വൂബ് നബി ﷺ യുടെ പന്ത്രണ്ടു മക്കളുടെ പിന്തുടർച്ചക്കാരായിരുന്ന ഗോത്രങ്ങളുടെ നേതാക്കളായി നിശ്ചയിക്കപ്പെട്ടിരുന്നവരാണ്.
◯ اثْنَيْ عَشَرَ قَوْمًا ◯ **اثْنَيْ عَشَرَ نَقِيبًا** ◯ اثْنَيْ عَشَرَ رَجُلًا